## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1053

07.02.2013 ൽ
മറുപടിക്ക്

### വയനാട് ജില്ലയിലെ ക്ളീൻ ഡസ്റ്റിനേഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

എ) ക്ളീൻ ഡസ്റ്റിനേഷൻ പദ്ധതിയുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വയനാട് ജില്ലയിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ:
;

എ) ക്ളീൻ ഡസ്റ്റിനേഷൻ പദ്ധതി പ്രകാരം വയനാട് ജില്ലയിലെ കുടുംബശ്രീ അംഗങ്ങൾ വാളണ്ടിയർമാരായി താഴെ പറയുന്ന കേന്ദ്രങ്ങളിൽ ക്ളീൻ ഡസ്റ്റിനേഷൻ പദ്ധതികൾ പ്രവർത്തിച്ചുവരുന്നു. ഇവർക്ക് ഓരോരുത്തർക്കും പ്രതിമാസം 4500/- രൂപ വീതം നൽകുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ 11,97,979/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| കേന്ദ്രത്തിന്റെ പേര് | വാളണ്ടിയർമാർ |
|---|---|
| പൂക്കോട് തടാക വിനോദ സഞ്ചാര കേന്ദ്രം | 10 |
| എടയ്ക്കൽ ഗുഹ | 5 |
| തിരുനെല്ലി ക്ഷേത്ര പരിസരം | 4 |
| പഴശ്ശിപാർക്ക്, മാനന്തവാടി | 3 |
| കുറുവ ദ്വീപ്, പാൽവെളിച്ചം | 5 |
| വയനാട് ഹെറിറ്റേജ് മ്യൂസിയം, അമ്പലവയൽ | 5 |

ബി) വില്ലേജ് ടൂറിസം പദ്ധതിയുടെ വയനാട് ജില്ലയിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

ബി) വില്ലേജ് ടൂറിസം പദ്ധതികൾ ഒന്നും തന്നെ ഇപ്പോൾ വയനാട് ജില്ലയിൽ നടപ്പാക്കുന്നില്ല.

സി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം കൽപ്പറ്റ മണ്ഡലത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ?

സി) വില്ലേജ് ടൂറിസം പദ്ധതികൾ സംബന്ധമായ പ്രൊപ്പോസലുകൾ ഒന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ